## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.41 | 08/08/2017-ൽ മറുപടിക്ക്

# വൈദ്യുത പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം<br>,, ഇ.പി.ജയരാജൻ<br>,, എസ്.രാജേന്ദ്രൻ<br>,, എൻ. വിജയൻ പിള്ള | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്നിരുന്ന ഏതെല്ലാം വൈദ്യുത പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പുനരാരം ഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), ചാത്തൻകോട്ടു നട-2 (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പുന:രാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി 08.08.2016 ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, 6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 03.06.2017 മുതൽ വൈദ്യുത ഉല്പാദനം ആരംഭിച്ചു. ഈ പദ്ധതി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്. സ്വകാര്യമേഖലയിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ 8MW ന്റെ പതംങ്കയം ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യുകയും 4.5MW ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതി (രണ്ടാംഘട്ടം) കെ.എസ്.ഇ.ബി വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആകെ 116.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 14 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സംസ്ഥാനത്ത് നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ചെറുകിട ജല വൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉൽപ്പാദനശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 |
| 2 | പഴശ്ശിസാഗർ | 7.5 | 25.16 |
| 3 | ചിന്നാർ | 24 | 76.45 |
| 4 | അപ്പർ ചെങ്കുളം | 24 | 53.22 |
| 5 | ലാഡ്രം | 3.5 | 12.13 |
| 6 | ഒലിക്കൽ | 5 | 10.26 |
| 7 | പൂവാരംതോട് | 3 | 5.88 |
| 8 | മാർമ്മല | 7 | 23.02 |
| 9 | ചെമ്പുക്കടവ് - III | 7.5 | 17.715 |
| 10 | പീച്ചാട് | 3 | 7.74 |
| 11 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 12 | മരിപ്പുഴ | 6 | 14.84 |
| 13 | വാളാംതോട് | 7.5 | 15.291 |
| 14 | ആനക്കയം | 7.5 | 22.83 |
| | ആകെ | 116.5 | 326.64 |

സെക്ഷൻ ഓഫീസർ